# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2021 ജൂലൈ 29 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2021-2023)

## രണ്ടാമത് റിപ്പോർട്ട്

1087/2021.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും
## സംബന്ധിച്ച സമിതി
## (2021-2023)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പ്രമോദ് നാരായൺ.

<u>അംഗങ്ങൾ</u> :

ശ്രീ. സി. എച്ച് . കുഞ്ഞമ്പു

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. വി. ആർ. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ആർ. കിഷോർ കുമാർ, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. എസ് . ശാന്തകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. ഷാജി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2021 ജൂലൈ 30-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2021 ജൂലൈ 28-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയുണ്ടായി. അനൗദ്യോഗിക പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| ക്രമ നമ്പർ | പ്രമേയങ്ങൾ | സമയം |
|---|---|---|
| 1 | ശ്രീ. എം. വിജിൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |
| 2 | ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |
| 3 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം | 40 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. 2021 ജൂലൈ 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

5. 2021 ജൂലൈ 30-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രമോദ് നാരായൺ,

*അദ്ധ്യക്ഷൻ ,*

*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി .*

തിരുവനന്തപുരം,
2021 ജൂലൈ 28.

അനുബന്ധം

## 2021 ജൂലൈ 30-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീ. എം. വിജിൻ | വിജ്ഞാനം പകർന്നുനല്കുന്നതോടൊപ്പം ജ്ഞാന നിർമ്മിതികൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻ വേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്.<br><br>പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്) പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയരൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലംകഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്നതാകണം. ദൗർഭാഗ്യവശാൽ, ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്രസർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്.<br><br>രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവല്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താല്ക്കാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല |

| 1 | 2 | 3 |
|---|---|---|
| | | അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയംനവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസനയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെയടിസ്ഥാനത്തിൽ രാഷ്ട്രതാല്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 2. | ഡോ. മാത്യു കുഴൽനാടൻ | കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി കുട്ടികൾ സ്മാർട്ട്ഫോണുകൾ വ്യാപകമായി ഉപയോഗിക്കുന്ന സവിശേഷ സാഹചര്യമാണ് നിലവിലുള്ളത്.<br><br>വിദ്യാർത്ഥികളുടെ ജീവൻ അപകടത്തിലാക്കുന്ന പലതരം ഓൺലൈൻ ഗെയിമുകളിലേക്കും ഇതര സൈബർ ചതിക്കുഴികളിലേക്കും നിരവധിപേർ ആകർഷിക്കപ്പെടുകയും അപകടത്തിലേക്ക് നീങ്ങുകയും ചെയ്യുന്നത് രക്ഷിതാക്കളിലും പൊതുസമൂഹത്തിലും വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതും ഭാവിതലമുറയ്ക്ക് ഭീഷണിയാകുന്നതുമായ ഇത്തരം ഓൺലൈൻ ഗെയിമുകൾ നിയന്ത്രിക്കേണ്ടതും സൈബർ ചതിക്കുഴികളിൽ വീണുപോകാതിരിക്കാൻ കുട്ടികളെ ജാഗ്രത്താക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.<br><br>ആയതിനാൽ, ഓൺലൈൻ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെബ് അധിഷ്ഠിത സംവിധാനങ്ങളിൽ അനുയോജ്യമല്ലാത്ത ഉള്ളടക്കങ്ങൾ ഒഴിവാക്കുന്നതിനും ഓൺലൈൻ ഗെയിമുകളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. |

1087/2021.

| 1 | 2 | 3 |
|---|---|---|
| 3. | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇന പ്രകാരം സഹകരണം, സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്.<br><br>കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണ നയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവല്ക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണ മേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ, കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെടുമ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെ യാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.<br><br>സംസ്ഥാനത്തെ സഹകരണമേഖല കേവലം പണമിടപാട് സ്ഥാപനമല്ല. തെരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയു മില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽ പെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ച |

| 1 | 2 | 3 |
|---|---|---|
| | | വരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചു നല്കുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണ സ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.<br><br>സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണ രംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽനിന്ന് പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു. |

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.